بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 21.01.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 7

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

സീറത്ത് ഖാതമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു, മദീനയിൽ എത്തിയപ്പോൾ നബി(സ)ന്റെ ഒട്ടകം വന്നു നിന്നത് സഹൽ, സുഹൈൽ എന്നീ രണ്ടു കുട്ടികളുടെ (ഉടമസ്ഥതയിലുള്ള) സ്ഥലത്താണ്. നബി(സ) പള്ളിയും മുറികളും നിർമിക്കുന്നതിനായി ആ സ്ഥലം ഇഷ്ടപ്പെട്ടുകൊണ്ട് ഹദ്റത് അബൂബക്കർ(റ)ന്റെ ധനത്തിൽ നിന്നും 10 ദീനാർ നൽകികൊണ്ട് വാങ്ങിക്കുകയുണ്ടായി. ഒരു നിവേദനത്തിൽ വരുന്നു: നബി(സ) ദുആ ചെയ്തുകൊണ്ട് അതിന് അടിസ്ഥാനശില വെച്ചു. എന്നിട്ട് ഹദ്റത് അബൂബക്കർ(റ)നോടു പറഞ്ഞു: താങ്കളുടെ കല്ല് എന്റെ കല്ലിനോട് ചേർത്തുവെക്കുക. പിന്നീട് ഹദ്റത് ഉമർ(റ)നോടു പറഞ്ഞു: താങ്കളുടെ കല്ല് അബൂബക്കറിന്റെ കല്ലിനോട് ചേർത്തുവെക്കുക. ശേഷം ഹദ്റത് ഉഥ്മാൻ(റ)നോടു പറഞ്ഞു: താങ്കളുടെ കല്ല് ഉമറിന്റെ കല്ലിനോട് ചേർത്തുവെക്കുക. മസ്ജിദ് നബവിയുടെ നിർമാണത്തിന്റെ മുഴുവൻ ജോലിയിലും ഹിജ്റ 7 മുഹർറത്തിലെ ഖൈബർ വിജയത്തിനു ശേഷം നടന്ന അതിനെ വിശാലമാക്കാൻ പുതുക്കിപ്പണിയുന്ന പ്രവർത്തനങ്ങളിലും സ്വഹാബക്കൾക്കോപ്പം നബി(സ)യും പങ്കെടുത്തിരുന്നു.

ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമാ ഖുസ്ത്വലാനി വിവരിക്കുന്നു: സാഹോദര്യബന്ധം രണ്ടു പ്രാവശ്യമുണ്ടാക്കിയിരുന്നു. ആദ്യ തവണ ഹിജ്റത്തിനുമുമ്പ് മക്കയിൽ നബി(സ)യും ഹദ്റത് അബൂബക്കർ(റ)വും ഹദ്റത് ഉമർ(റ)വും തമ്മിലും, ഹദ്റത് ഹംസ(റ)വും ഹദ്റത് സൈദ് ബിനു ഹാരിഥ(റ)വും തമ്മിലും, ഹദ്റത് ഉഥ്മാൻ(റ)വും ഹദ്റത് അബ്ദുർറഹ്മാനുബ്നു ഔഫ്(റ)വും തമ്മിലും, ഹദ്റത് സുബൈർ(റ)വും ഹദ്റത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വും തമ്മിലും ഹദ്റത് അലി(റ)വും താനും തമ്മിലും പരസ്പരം സാഹോദര്യബന്ധം ഉണ്ടാക്കിയിരുന്നു. രണ്ടാമത്തെ തവണ ഹിജ്റത്തിനു ശേഷം മദീനയിൽ ഹദ്റത്ത് അനസിബ്നു മാലിക്(റ)ന്റെ ഭവനത്തിൽ വെച്ച് 50 മുഹാജിരുകളുടേയും 50 അൻസ്വാറുകളുടേയും ഇടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി.

ബദ്ർ യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പ് സ്വഹാബാക്കളുടെ പക്കൽ 70 ഒട്ടകങ്ങളുണ്ടായിരുന്നു. മൂന്നാൾക്ക് ഒരൊട്ടകമെന്ന നിലയിൽ ഊഴമനുസരിച്ചു അതിൽ യാത്ര ചെയ്യാൻ നിശ്ചയിക്കപ്പെട്ടിരുന്നു. ഹദ്റത് അബൂബക്കർ, ഹദ്റത് ഉമർ, ഹദ്റത് അബ്ദുർറഹ്മാനുബ്നു ഔഫ്(റ.ഹും) എന്നിവർക്ക് ഒരട്ടകമായിരുന്നു ഇപ്രകാരം യത്രക്കു നൽകിയത്. ശാമിൽ നിന്നും മടങ്ങി വരുന്ന അബൂസുഫിയന്റെ കച്ചവട സംഘത്തെ പ്രധിരോധിക്കുവാനായിരുന്നു മദീനയിൽനിന്നും ബദ്റിലേക്കു പുറപ്പെട്ടത്. എന്നാൽ ഖുറൈശികളുടെ ഒരു സംഘം ഇവരെ രക്ഷിക്കാനായി വളരേ ധ്രുതഗതിയിൽ പുറപ്പെട്ട വിവരം നബി(സ)ക്കു ലഭിച്ചപ്പോൾ സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. ശതുക്കളെ വിട്ട് കച്ചവട സംഘത്തെ എതിരിടാമെന്ന് ഒരു വിഭാഗം പറഞ്ഞപ്പോൾ നബി(സ)യുടെ മുഖകമലം വിവർണമായി. ഈ അവസരത്തിൽ ഹദ്റത് അബൂബക്കർ(റ)വും ഹദ്റത് ഉമർ(റ)വും വളരേ ഉത്തമമായ നിലയിൽ ഇടപെട്ടു. ഹദ്റത്ത് മിഖ്ദാർ(റ) പറഞ്ഞു: യാ റസൂലല്ലാഹ്, അല്ലാഹുവിന്റെ കൽപ്പനക്കനുസരിച്ചു നീങ്ങിയാലും. ഞങ്ങൾ അങ്ങയോടൊപ്പം, മക്കയിൽ നിന്നും അഞ്ചു രാത്രിയുടെ ദൂരമുള്ള പട്ടണമായ ബർക്കുൽ ഗുമാദ് എത്തുന്നതുവരെ വാളുമേന്തി യുദ്ധം ചെയ്തു കൊണ്ട് തന്നെ നീങ്ങുന്നതാണ്. ഇതുകേട്ടപ്പോൾ നബി(സ)യുടെ പരിശുദ്ധ മുഖം പ്രകാശമാനമായി മാറുകയും വളരേ സന്തോഷിക്കുകയും ചെയ്തു.

ഹദ്റത് അബൂബക്കർ(റ)ന്റെ ധൈര്യത്തെ പറ്റി ഹദ്റത് അലി(റ)ന്റെ ഒരു നിവേദനത്തിൽ പറയുന്നു: സ്വഹാബാക്കളിൽ എറ്റവും ധീരനായ വ്യക്തി ഹദ്റത്ത് അബൂബക്കർ(റ) ആകുന്നു. ബദ്ർ ദിവസവും ഞങ്ങൾ തിരുനബി(സ)നുവേണ്ടി തമ്പു കെട്ടി. തിരുനബി(സ)ന്റെ അടുക്കൽ ഒരു ശത്രുവും എത്തുന്നത് തടയാനായി തിരുനബി(സ)ന്റെ കൂടെ ആരാണു കഴിയുകയെന്നു ചോദിച്ചപ്പോൾ അല്ലാഹുവാണെ, ഞങ്ങളിൽ ആരും തന്നെ തിരുനബി(സ)ന്റെ അടുക്കലേക്കു പോയില്ല. എന്നാൽ ഹദ്റത്ത് അബൂബക്കർ(റ) ഊരിപ്പിടിച്ച വാളുമായി,

ഹദ്റത്ത് അബൂബക്കർ(റ)നെ നേരിട്ടതിനു ശേഷമല്ലാതെ ഒരു ശത്രുവിനും നബി(സ)യുടെ സമീപത്തെത്താൻ സാധ്യമല്ലാത്തവിധം നബി(സ)യുടെ ശിരസ്സിന്റെ ഭാഗത്തായി നിലയുറപ്പിച്ചിരുന്നു.

ഇതു സംബന്ധിച്ച് ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ബദ്ർ ദിവസം തിരുനബി(സ)നുവേണ്ടി വേറെ തമ്പ് തയ്യാറാക്കിയിരുന്നു. അത്യധികം ഭീതിജനകമായ ആ അവസരത്തിൽ ധീരതയോടെ നബി(സ)യുടെ സുരക്ഷാദൗത്യം ഊരിപ്പിടിച്ച വാളുമായി ഹദ്റത്ത് അബൂബക്കർ(റ) നബി(സ)യുടെ സമീപത്തായി നിന്നുകൊണ്ട് പൂർത്തിയാക്കി. നബി(സ) രാത്രി മുഴുവൻ കരഞ്ഞുകൊണ്ട് ദുആ ചെയ്തുകൊണ്ടിരുന്നു. രാത്രി മുഴുവൻ ഉറങ്ങാതിരുന്നത് അദ്ദേഹം മാത്രമായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറയുന്നു: ബദ്ർ ദിനത്തിൽ റസൂൽ(സ) 1000 പേരടങ്ങുന്ന ശതുക്കൾക്കെതിരിൽ വെറും 319 പേരടങ്ങുന്ന സ്വഹാബാക്കളെ കണ്ടപ്പോൾ ഖിബ്ലക്കഭിമുഖമായി നിന്നു രണ്ടു കൈയും ഉയർത്തികൊണ്ട് തന്റെ നാഥനെ അത്യുച്ചത്തിൽ വിളിച്ചുകൊണ്ടിരുന്നു; അല്ലാഹുവേ, നീ എന്നോടു ചെയ്ത വാഗ്ദാനങ്ങൾ പൂർത്തിയാക്കിയാലും. ഇന്നു നീ മുസ്ലിംകളുടെ ഈ സംഘത്തെ നശിപ്പിക്കുകയാണെങ്കിൽ ഭൂമിയിൽ നിന്നെ ആരാധിക്കുന്നവർ അവശേഷിക്കുകയില്ല. ഹദ്റത്ത് അബൂബക്കർ(റ) (നബി(സ)യുടെ സമീപത്തെത്തി) പറഞ്ഞു: അങ്ങ് തന്റെ നാഥനു മുമ്പിൽ ഉള്ളുരുകി ചെയ്ത ഈ പ്രാർഥനകൾ മതിയായതാണ്. അവൻ തന്റെ വാഗ്ദാനങ്ങൾ തീർച്ചയായും പൂർത്തിയാക്കുന്നതാണ്. തദവസരത്തിൽ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു,

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم
بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ۝

നിങ്ങൾ നിങ്ങളുടെ നാഥനോടു സഹായം തേടിക്കൊണ്ടിരുന്ന സന്ദർഭം, തീർച്ചയായും തുടരെത്തുടരെ വരുന്ന 1000 മലക്കുകളെകൊണ്ട് നിങ്ങളെ ഞാൻ സഹായിക്കുന്നതാണ് എന്ന് അപ്പോൾ നിങ്ങൾക്കവൻ (വാഗ്ദാനം നൽകികൊണ്ട്) ഉത്തരം നൽകി. (8:10)

ബദ്റിൽ ഘോരയുദ്ധം തുടങ്ങിയപ്പോൾ നബി(സ) കൂടരത്തിൽ നിന്നും താഴേക്കു വന്നു യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. നബി(സ)യും നല്ലപോലെ യുദ്ധം ചെയ്തു. നബി(സ)യുടെ കൂടെ ഹദ്റത്ത് അബൂബക്കർ(റ)വും യുദ്ധം ചെയ്യുന്നുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ അതുല്യമായ ധീരതയും പ്രകടമായിരുന്നു. അദ്ദേഹം അക്രമിയായ ഓരോ ശത്രുവിനോടും, അത് തന്റെ മകൻ ആണെങ്കിൽപോലും പൊരുതാൻ തയ്യാറായിരുന്നു. ഈ യുദ്ധത്തിൽ അദ്ദേഹത്തിന്റെ മകൻ അബ്ദുർറഹ്മാൻ നിഷേധികളുടെ ഭാഗത്തുനിന്നും യുദ്ധത്തിനായെത്തിയിരുന്നു. പിന്നീട് ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചതിനുശേഷം തന്റെ പിതാവ്, ഹദ്റത്ത് അബൂബക്കർ(റ)നോട് പറഞ്ഞു: ബദ്ർ ദിവസം താങ്കൾ എന്റെ കൃത്യമായ ഉന്നത്തിനു മുമ്പിൽ ഉണ്ടായിരുന്നു. എന്നാൽ ഞാൻ അങ്ങയെ വധിച്ചില്ല. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: അല്ലാഹു നിനക്ക് വിശ്വാസിയാകാൻ ഭാഗ്യം വിധിച്ചിട്ടുണ്ടായിരുന്നതിനാൽ നീ രക്ഷപ്പെട്ടു. അല്ലായെങ്കിൽ നീ എന്റെ മുമ്പിൽ പെട്ടിരുന്നെങ്കിൽ തീർച്ചയായും ഞാൻ നിന്നെ വധിച്ചിട്ടുണ്ടാകുമായിരുന്നു.

മദീനയിൽ എത്തിയിട്ട് ഹദ്റത്ത് അബൂബക്കർ(റ) ബന്ദികളിൽ നിന്നും ഫിദ്‌യ വാങ്ങിക്കൊണ്ട് അവരെ വിട്ടയക്കാനുള്ള അഭിപ്രായം നബി(സ)ക്കു നൽകിക്കൊണ്ട് പറഞ്ഞു: നാളെ അവരിൽനിന്നും ഇസ്ലാമിലെ അനുരക്തർ ഉണ്ടായേക്കാം. ഹദ്റത് ഉമർ(റ) ഈ അഭിപ്രായത്തെ എതിർത്തുകൊണ്ടു പറഞ്ഞു: ഇവരെയെല്ലാവരേയും വധിച്ചു കളയേണ്ടതാണ്. എന്നാൽ നബി(സ) തന്റെ സ്വതസിദ്ധമായ കാരുണ്യത്താൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ അഭിപ്രായത്തെ ഇഷ്ടപ്പെട്ടുകൊണ്ട് മുശ്‌രിക്കുകളിൽ നിന്നും തങ്ങളുടെ ഫിദ്‌യ നൽകുന്നവരെ വിട്ടയക്കാൻ കൽപ്പിക്കുകയുണ്ടായി. പിന്നീട് ഇതനുസരിച്ച് ദൈവീക കൽപനയും അവതരിച്ചു.

ഉഹ്ദ് യുദ്ധം മക്കാ ഖുറൈശികളും മുസ്ലിംകളും തമ്മിലാണ് ഉണ്ടായത്. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ നബി(സ) മദീനയിൽ നിന്നുകൊണ്ട് തന്നെ പ്രത്യാക്രമണം നടത്തുന്നതാണ് ഉചിതമെന്നു കരുതി. എന്നാൽ ഭൂരിഭാഗം യുവാക്കളായ സ്വഹാബാക്കൾ വളരേ ആവേശത്തോടെയും വാശിയോടേയും (പുറത്തുനിന്നും പ്രത്യാക്രമണം നടത്താമെന്ന) ആവശ്യമുന്നയിച്ചതിന്റെ ഫലമായി പട്ടണത്തിൽ നിന്നും പുറത്തുപോയി യുദ്ധം ചെയ്യുന്നതിനു നബി(സ) സമ്മതിച്ചു. തുടർന്ന് പോർചട്ടയണിഞ്ഞ് അല്ലാഹുവിന്റെ നാമത്തിൽ (വീട്ടിൽ നിന്നും) പുറത്തേക്ക് ഇറങ്ങിയപ്പോൾ ചില (മുതിർന്ന) സ്വഹാബാക്കൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ യുവാക്കൾക്ക് തെറ്റ് മനഃസ്സിലാവുകയും അവരിൽ ഭൂരിഭാഗവും ലജ്ജിതരാകുകയും ചെയ്തുകൊണ്ട് പറഞ്ഞു: ഞങ്ങൾക്കു തെറ്റു പറ്റിയിരിക്കുന്നു. അങ്ങേയ്ക്ക് ഉചിതമെന്നു തോന്നുന്ന രീതിയിൽ നീങ്ങിയാലും. നബി(സ) പറഞ്ഞു: പോർചട്ടയണിഞ്ഞതിനുശേഷം ഇനി അല്ലാഹുവിൽ നിന്നുമൊരു തീരുമാനം വരുന്നതുവരെ അത് അഴിച്ചുമാറ്റുകയെന്നത് അല്ലാഹുവിന്റെ ഒരു പ്രവാചകന് ചേർന്നതല്ല. ആയതിനാൽ ഇനി നിങ്ങൾ ക്ഷമാപൂർവം പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പമായിരിക്കും.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: തിരുനബി(സ)ന്റെ ഒപ്പമുണ്ടായിരുന്ന

സ്വഹാബത്ത് കാണിച്ച ആത്മാർപ്പണം ചരിത്രത്തിൽ ഉദാഹരണമില്ലാത്തതാണ്. അവർ ഇയ്യാമ്പാറ്റകളെപ്പോലെ തിരുനബി(സ)നുവേണ്ടി തങ്ങളുടെ ജീവൻ പണയപ്പെടുത്തിയിരുന്നു. ഓരോ പ്രഹരങ്ങളും സ്വയം ഏറ്റെടുത്തുകൊണ്ട് (നബിയെ സംരക്ഷിക്കുകയും ഒപ്പം) ശത്രുക്കളെ അക്രമിക്കുകയും ചെയ്തിരുന്നു. ജീവൻ ത്യജിക്കാൻ തയ്യാറായ ആ സ്വഹാബാക്കളിൽ ഹദ്റത് അബൂബക്കർ, അലി, ത്വൽഹ, സുബൈർ, സഅദ്ബ്നു അബീവഖാസ്, അബൂദുജാന അൻസ്വാരി, സഅദ്ബ്നു മആദ്, ത്വൽഹ അൻസ്വാരി(റ.ഹും) എന്നിവരുടെ നാമം ഏറെ പരാമർശിക്കപ്പെട്ടിരിക്കുന്നു.

ഉഹദ് യുദ്ധത്തിൽ തിരുനബി(സ)യുടെ പല്ലുകൾ ശഹീദാകുകയും മുഖത്ത് മുറിവേൽക്കുകയും ചെയ്തു. അങ്ങയുടെ പരിശുദ്ധ കവിൾതടത്തിൽ പടത്തൊപ്പിയുടെ ലോഹവളയങ്ങൾ തുളച്ചു കയറിയിരുന്നു. ഹദ്റത്ത് അബുഉബൈദ തന്റെ വായകൊണ്ട് ഈ കണ്ണികൾ പുറത്തെടുക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ മുൻവശത്തെ രണ്ട് പല്ലുകളും ഒടിഞ്ഞു. മുൻപല്ലുകൾ പൊട്ടിയവരിൽ ഏറ്റവും സുന്ദരനായിരുന്നു അദ്ദേഹം. പിന്നീട് ഹദ്റത്ത് അബുഉബൈദ ഹദ്റത്ത് അബൂബക്കർ(റ)ന്റെ കൂടെ ത്വൽഹയുടെ അടുക്കലെത്തിയപ്പോൾ കാണുന്നത്, അദ്ദേഹത്തിന്റെ ശരീരത്തിൽ കുന്തം, വാൾ, അമ്പ് എന്നിവയുടെ എഴുപതിലധികം മുറിവുകളാണ്; വിരൽ അറ്റുപോയതായും കണ്ടു. ഞങ്ങൾ അദ്ദേഹത്തിനു മരുന്നു വെച്ചുകെട്ടി.

ഉഹദ് യുദ്ധത്തിന്റെ ഒരു ഘട്ടത്തിൽ ശേഷിച്ച മുസ്‌ലിം വിഭാഗത്തിലെ കുറച്ചു സൈന്യം നിൽക്കുമ്പോൾ, അബൂസുഫ്‌യാൻ ഉച്ചത്തിൽ പറഞ്ഞു: ഞങ്ങൾ മുഹമ്മദ്(സ)നെ വധിച്ചിരിക്കുന്നു. അബൂബക്കറിനേയും ഉമറിനേയും വധിച്ചിരിക്കുന്നു. തിരുമേനി(സ) താക്കീതു ചെയ്തതിനാൽ ഇസ്‌ലാമിക സൈന്യത്തിൽ നിന്നാരും മറുപടി നൽകിയില്ല. അതിനാൽ തങ്ങളുടെ ഈ വാദങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് വിജയഭേരി മുഴക്കി. أُعْلُ هُبَلْ. أُعْلُ هُبَلْ ഞങ്ങളുടെ ആദരണീയ ദേവത ഹുബലിന്റെ യശസ്സ് ഉയർന്നിരിക്കുന്നു. അത് ഇസ്‌ലാമിനു അറുതി വരുത്തിയിരിക്കുന്നു. ഏകനായ ദൈവത്തിന്റെ അന്തസ്സിന്റെ പ്രശ്നം വന്നപ്പോൾ ശിർക്കിന്റെ മുദ്രാവക്യം രണാങ്കണത്തിൽ മുഴക്കപ്പെട്ടപ്പോൾ നബി(സ)ന്റെ കൽപനപ്രകാരം സ്വഹാബത്ത് വളരേ ആവേശത്തോടെ മറുപടി നൽകി; اَللّٰهُ أَعْلٰى وَأَجَلّ اَللّٰهُ أَعْلٰى وَأَجَلّ ഏകനും പങ്കുകാരനില്ലായത്തവനുമായ അല്ലാഹു തന്നെയാണ് മഹനീയൻ.

ഈ പ്രതികരണത്തിന്റെ പ്രഭാവം സത്യനിഷേധികളുടെ ഹൃദയങ്ങളെ ഭയപ്പെടുത്തുന്ന തരത്തിൽ വളരെ ആഴത്തിലുള്ളതായിരുന്നു. എത്രയും വേഗം മക്കയിലേക്ക് പോകുന്നതാണ് ഉചിതമെന്ന് അവർ കരുതി. എന്നാൽ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് സുബൈർ എന്നിവരുൾപ്പെടെ എഴുപത് സ്വഹാബികളുടെ ഒരു സംഘത്തോട് സൂക്ഷ്മമായി അവരെ പിന്തുടരാൻ (ഉപദേശിച്ചുകൊണ്ട്) പ്രവാചകൻ(സ) പറഞ്ഞു: ഖുറൈശികൾ കുതിരയെ ഒഴിവാക്കികൊണ്ട് ഒട്ടകപ്പുറത്തു സവാരി ചെയ്യുന്നുണ്ടെങ്കിൽ അവർ മക്കയിലേക്കു തിരിച്ചുപോകുകയാണെന്നും എന്നാൽ അവർ കുതിരപ്പുറത്താണു യാത്ര ചെയ്യുന്നതെങ്കിൽ അവരുടെ ഉദ്ദേശ്യം നല്ലതല്ല എന്നും മനസ്സിലാക്കുക. തുടർന്ന് വലിയ ആവേശഭരിതനായികൊണ്ട് നബി(സ) പറഞ്ഞു: ഖുറൈശികൾ ഈ സമയത്ത് മദീനയ്ക്കുമേൽ ആക്രമണം നടത്തുകയാണെങ്കിൽ നാം അവരെ എതിർത്തുകൊണ്ട് ഈ അക്രമണത്തിന്റെ രുചി ആസ്വദിപ്പിച്ചുകൊടുക്കുന്നതാണ് എന്ന് ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യുന്നു. ഏതായാലും ഖുറൈശികൾ മക്കയിലേക്കുള്ള യാത്രയിലാണെന്ന് ഉള്ള സന്ദേശം ലഭിക്കുകയുണ്ടായി.

ഇൻശാ അല്ലാഹ് ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 21.01.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**